(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കേരളാ സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി

* 761 [828] ശ്രീ. ഈസ്റ്റ്പ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റിയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഷെയർ എത്ര;

(ബി) ഈ സൊസൈറ്റി ലാഭകരമായാണോ നടക്കുന്നത്;

(സി) ഈ സൊസൈറ്റിക്ക് ഗവൺമെന്റിൽനിന്നും ഗ്രാന്റ് നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനോടകം എത്ര രൂപാ ഗ്രാന്റായി നൽകിയിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ.പി.എസ്.ശ്രീനിവാസൻ):

(എ) ഈ സൊസൈറ്റിയിൽ മൊത്തം 5 ലക്ഷം രൂപ വിലവരുന്ന 5000 ഷെയർ ഗവൺമെന്റിന്റേതായി ഉണ്ട്.

(ബി) അതെ.

(സി) ഉണ്ട്.

(ഡി) 6,80,316 രൂപ 32 പൈസ.

കുട്ടികളുടെ എൻസൈക്ലോപീഡിയ

* 762 [830] ശ്രീ. എൻ. പി. മൊയ്തീൻ:

,, കെ. പി. നൂറുദ്ദീൻ

,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുട്ടികളുടെ എൻസൈക്ലോപീഡിയ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ജോലി എങ്ങനെ നിർവ്വഹിക്കാൻ ആണ് ഉദ്ദേശിക്കുന്നത്;

(ബി) ഇപ്പോഴും നിലവിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് എന്ന സ്ഥാപനത്തിന് ഇതിന്റെ പുമതല എൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇതിലേക്കായി നിയമിച്ച വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly